ഡിസംബർ 2019

# മുസിരിസ് വാർത്ത

www.muzirisheritage.org muzirisheritage

മുസിരിസ് പൈതൃക പദ്ധതി

PATRIMONIO MUNDIAL WORLD HERITAGE PATRIMOINE MONDIAL

## ലോക പൈതൃക വാരം




അനൗപചാരിക ചരിത്ര പഠനത്തിന്റെ പുത്തൻസാദ്ധ്യതകൾ തുറന്നിട്ടുകൊണ്ട്
മുസിരിസ് പൈതൃകപദ്ധതി ലോക പൈതൃക വാരമാഘോഷിച്ചു



ലോകത്തെമ്പാടും പ്രായഭേദമന്യേ കുട്ടികളും മുതിർന്നവരും യാത്രകളെ ഇഷ്ടപ്പെടുന്നവരാണ്. ചരിത്ര സ്മാരകങ്ങളാൽ നിറഞ്ഞ മുസിരിസ്, പൈതൃക സ്മാരകങ്ങളെ ബന്ധിപ്പിക്കുന്ന ജലപാതകളാൽ അനുഗ്രഹീതമാണ്. ഈ വ്യത്യസ്തതയാണ് യാത്രികരെ മുസിരിസിലേക്ക് ആകർഷിക്കുന്നതും. പൈതൃക സംരക്ഷണ പ്രദേശമായി മാറിയതോടെ മുസിരിസ് വിവിധ സംഘടനകളുടെയും, സംരംഭങ്ങളുടെയും കൂട്ടായ ശ്രമത്തോടെ വളർന്ന് കൊണ്ടിരിക്കുകയാണ്. ടൂറിസം വകുപ്പിന്റെ ഭാഗമെന്ന നിലയിൽ ഈ സംരഭങ്ങൾക്കെല്ലാം വളരെയധികം സാമൂഹിക പ്രസക്തിയുണ്ട്.

2019 പൂർത്തിയാകുമ്പോൾ വളരെ വിജയകരമായി പ്രവർത്തിക്കാനായതിന്റെ ചാരിതാർത്ഥ്യത്തോടെയാണ് മുസിരിസ് പൈതൃക പദ്ധതി 2020നെ സ്വീകരിക്കുന്നത്. വളരെ വേഗം മുൻപോട്ട് പോയിക്കൊണ്ടിരിക്കുന്ന വിനോദസഞ്ചാര മേഖലയ്ക്കൊപ്പം, മുസിരിസ് പദ്ധതിയുടെ കയ്യൊപ്പ് ചാർത്തിക്കൊണ്ട് ഉത്തരവാദിത്വ വിനോദസഞ്ചാര മേഖലയിൽ കേരളത്തെ മുന്നോട്ട് നയിക്കാൻ മുസിരിസ് പൈതൃക പദ്ധതിക്കു കഴിഞ്ഞിട്ടുണ്ട്.

പൈതൃക സംരക്ഷണ പ്രക്രീയയിൽ, പാരമ്പര്യം, ചരിത്രം എന്നിവയുടെ പരിപാലനം വളരെ പ്രസക്തമാണ്. ചരിത്ര പഠനത്തിന്റെ സാദ്ധ്യതകൾ തുറന്നിട്ടുകൊണ്ട്, പുതിയ യാത്രാനുഭവങ്ങളാണ് മുസിരിസ് പൈതൃക സംരക്ഷണ പദ്ധതി കരുതിവെച്ചിട്ടുള്ളത്. 'ഹെറിറ്റേജ് വാക്' ലൂടെ ചരിത്രപഠനത്തിന്റെ സാമ്പ്രദായിക രീതിയിൽനിന്നും വ്യത്യസ്തമായി പഠനാനുഭവം കുട്ടികൾക്കായി ഒരുക്കാൻ മുസിരിസ് പൈതൃക സംരക്ഷണ പദ്ധതി ശ്രമിച്ചിട്ടുണ്ട്. പൈതൃക പരിപാലനത്തിനായി പുതിയ പദ്ധതികളും ഒരുങ്ങുന്നുണ്ട്.

2019ൽ വിവിധ സംഘടനകളുമായി ചേർന്ന് സെമിനാറുകൾ, ശിൽപ്പശാലകൾ, സ്പോർട്സ്, സാംസ്കാരിക പരിപാടികൾ, ഉത്സവങ്ങൾ, ആഘോഷങ്ങൾ എന്നിവ നടത്താൻ മുസിരിസ് പൈതൃക പദ്ധതിയ്ക്ക് കഴിഞ്ഞു. പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും മുസിരിസ് പൈതൃക ഇടങ്ങളുമായി ബന്ധപ്പെടുത്തി പല പദ്ധതികൾക്കും തുടക്കം കുറിക്കാനും നടപ്പിലാക്കാനും സാധിച്ചു. 'മുസിരിസ് പാഡിൽ 2020' വിനോദ സഞ്ചാര മേഖലയെ ആകർഷിക്കാൻ ജലവിനോദ പ്രേമികൾക്ക് വേണ്ടിയുള്ള പരിപാടിയായി മാത്രമല്ല വിഭാവനം ചെയ്യുന്നത്. തീരസംരക്ഷണത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാനുള്ള ശ്രമം കൂടിയായിട്ടാണ്. അന്താരാഷ്ട്ര ശ്രദ്ധയാകർഷിക്കുന്ന ഇത്തരം പ്രവർത്തനങ്ങൾ കൂടുതൽ ജനപങ്കാളിത്തവും വളർച്ചയും ഉറപ്പ് വരുത്തുന്നു.

2019 അവസാനിക്കുമ്പോൾ വളരെ പ്രതീക്ഷയോടെയാണ് 2020നെ നോക്കിക്കാണുന്നത്. മുസിരിസ് പൈതൃകപദ്ധതി, എല്ലാവർക്കും സുരക്ഷിതമായ യാത്രയുടേയും വിജ്ഞാന അനുഭവങ്ങളുടേയും 2020 ആശംസിക്കുന്നു.

പി. എം. നൗഷാദ്
മാനേജിംഗ് ഡയറക്ടർ
മുസിരിസ് പൈതൃക സംരക്ഷണ പദ്ധതി

# താളിയോലകൾ സംരക്ഷിക്കുന്നതിനുള്ള പുരാതന മാർഗങ്ങൾ

എം. നാരായണൻ നമ്പൂതിരി,
കൺസേർവേഷൻ കൺസൾട്ടിന്റെ നിർദേശങ്ങൾ

താളിയോലകളുടെ സംരക്ഷണത്തിനുപയോഗിച്ചിരുന്ന പുരാതന രീതികൾ പ്രകാരം താളിയോലകളുടെ എല്ലാ വിശദാംശങ്ങളും പഠന വിധേയമാക്കേണ്ടതുണ്ട്. സ്വഭാവ സവിശേഷതകളുടെ അടിസ്ഥാനത്തിൽ സംസ്കൃതമായ ഇനങ്ങളെന്നും, പ്രാദേശിക വൈവിധ്യങ്ങൾ എന്നും പ്രധാനമായും രണ്ടായി തിരിക്കാം. പ്രാദേശികമായ ഓലകൾ ഇടുങ്ങിയതും കട്ടിയുള്ളതുമായ സിരകൾ ഉള്ളതാണ്, എന്നാൽ സംസ്കരിക്കപ്പെട്ട ഓലകൾ കൂടുതൽ അയവുള്ളതാണ്.

ദീർഘ നാളത്തെ അവഗണന താളിയോലകളുടെ ജീർണ്ണത്തിന് കാരണമാകും. വിശേഷ അവസരങ്ങളിൽ പുറത്തെടുക്കുന്ന താളിയോലകൾ വൃത്തിയാക്കിയതിന് ശേഷം വീണ്ടും ദീർഘനാളത്തേക്ക് സൂക്ഷിച്ച് വെയ്ക്കപ്പെടുകയാണ് ചെയ്യുന്നത്. മഴയും, മറ്റ് കാലാവസ്ഥ ഘടകങ്ങളും താളിയോലകളുടെ നശീകരണത്തിന് കാരണമാകും. വെയിലത്തുവെച്ച് ഉണക്കിയും, തെങ്ങോലകൾ അരച്ചുണ്ടാക്കിയ കുഴമ്പ് പുരട്ടിയുമാണ് പ്രാദേശിക വൈവിധ്യങ്ങളെ സംരക്ഷിക്കുന്നത്. മരക്കരി ഉപയോഗിച്ചശേഷം മഞ്ഞൾപൊടി ഉപയോഗിച്ച് തുടച്ച് വൃത്തിയാക്കി സംസ്കരിക്കപ്പെട്ട താളിയോലകൾ സംരക്ഷിക്കാൻ സാധിക്കും. താളിയോലകളുടെ രാസ ഘടനയെയും ഭൗതിക ഘടനയെയും സംരക്ഷിക്കാൻ ഈ പ്രവർത്തനങ്ങൾ കൊണ്ട് സാധിക്കും.

സൂര്യോദയത്തിലും സൂര്യാസ്തമയ സമയത്തും സൂര്യപ്രകാശം ഏൽപ്പിക്കുന്നതുവഴി ചെറുപ്രാണികളുടെ അക്രമത്തിൽനിന്നും താളിയോലകളെ സംരക്ഷിക്കാൻ സഹായിക്കും. മഞ്ഞൾ വെള്ളത്തിൽ പൊതിഞ്ഞ വൃത്തിയുള്ള തുണിയിൽ പൊതിഞ്ഞു വേണം സൂര്യപ്രകാശമേറ്റ താളിയോലകൾ സൂക്ഷിക്കാൻ. കേരളത്തിൽ പൊതുവായി ‘ചുരുന്ന’ താളിയോലകളുടെ ഇടയിൽ സൂക്ഷിക്കുന്നത് കൊണ്ട് വായുപ്രവാഹത്തിന് തടസ്സമുണ്ടാകുന്നില്ല.

## തയ്യാറെടുപ്പ്:

രണ്ട് തരം താളിയോലകളാണ് ഉള്ളത്.

1) കരിമ്പനയുടെ ഓലകൾ - പൽമിറ

2) THALIPOT കുടപ്പനയുടെ ഓലകളും (തള യെന്നാണ് അറിയപ്പെടുന്നത്)

15 മുതൽ 20 മീറ്റർ വരെ വളരുന്ന തളകളാണ് എഴുത്താണി ഉപയോഗിച്ച് എഴുതാൻ ഉപയോഗിക്കുന്നത്. കുടപ്പനയുടെ ഓലകൾ 20 മുതൽ 25 മീറ്റർ വരെ ഉയരത്തിൽ വളരുന്നു. എഴുത്തിന് വഴങ്ങുന്ന അയവുള്ള ഓലകളാണ് ഇവ. കയ്യെഴുത്ത് പ്രതികൾക്ക് ഉപയോഗിക്കുന്ന ഓലകൾക്ക് 15 മുതൽ 35 ഇഞ്ച് വരെ നീളവും ഒരിഞ്ച് വീതിയുമുണ്ടാകും.

എഴുത്തോലകൾ തയ്യാറാക്കുന്നത് ഓരോ സ്ഥലങ്ങളിലും വ്യത്യസ്തമാണ്. ചിലയിടങ്ങളിൽ നിഴലിലുണക്കിയ പനയോലകൾ ഇഞ്ചി എണ്ണ പൂശി സൂക്ഷിക്കുന്നു. ചിലയിടങ്ങളിൽ മുറിച്ച ഇലകൾ അടുക്കളയിൽ തൂക്കി പുകയേൽപിച്ചു വൃത്തിയാക്കുന്നു. പിന്നീട് തുണിയുപയോഗിച്ച് വൃത്തിയാക്കി സൂക്ഷിക്കുന്നു. മഞ്ഞൾ വെള്ളത്തിൽ തിളപ്പിച്ചും, വയലുകളിലെ ചെളിയിൽ 2 മുതൽ 5 വരെ ദിവസങ്ങളിൽ സൂക്ഷിച്ചും എഴുത്തോലകൾ തയ്യാറാക്കാറുണ്ട്. എഴുത്താണി ഉപയോഗിച്ചും ബ്രഷ് ഉപയോഗിച്ചും എഴുത്തോലകളിൽ എഴുതാറുണ്ട്.

എഴുത്താണി ഉപയോഗിച്ചെഴുതുമ്പോൾ താളിയോലകളിൽ എഴുതിയതിനുശേഷം കരിയുടെ കുഴമ്പും ഇഞ്ചി എണ്ണയും ഉപയോഗിച്ച് തുടച്ചുസൂക്ഷിക്കുന്നു.

## എഴുതാനുള്ള രണ്ടു രീതികൾ

1. എഴുത്താണി ഒരിടത്ത് ഉറപ്പിച്ചതിന് ശേഷം എഴുത്തോലകൾ ഇടത് വശത്തേക്ക് സാവധാനം നീക്കുന്നു.

2. വലത് വശത്തേക്ക് താളിയോലകൾ അനക്കാതെ എഴുതുന്നു.

## താളിയോലകളുടെ രാസ-ഭൗതിക ഘടന

താളിയോലകളുടെ ജീർണനം നിർണയിക്കുന്നത്, അവയുടെ രാസ - ഭൗതിക ഘടന അടിസ്ഥാനമാക്കിയാണ്. കരിമ്പനയുടെ ഓലകളും കുടപ്പനയുടെ ഓലകളും ഘടനയിലും അയവിലും വ്യത്യസ്തമാണ്. സിരകളുടെ കട്ടിയിലുള്ള വ്യത്യാസമാണ് പ്രധാന ഘടകം. അന്തരീക്ഷത്തിൽ നിന്നും വെള്ളം വലിച്ചെടുക്കുന്നത് മൂലം, കൃത്യതയോടെ കൈകാര്യം ചെയ്തില്ലെങ്കിൽ വളരെ പെട്ടെന്ന് തന്നെ ഓലകൾക്കു ജീർണനം സംഭവിക്കും.

## താളിയോലകളുടെ നാശത്തിനുള്ള വിവിധ കാരണങ്ങൾ

അശ്രദ്ധമായ കൈകാര്യം ചെയ്യലാണ് കയ്യെഴുത്ത് പ്രതികൾ നശിക്കുന്നതിനുള്ള പ്രധാന കാരണം. ഓരോ ഓലകളിലുംകൂടി കടന്നു പോകുന്ന നൂലിഴകളെ വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്യേതുണ്ട്. അന്തരീക്ഷത്തിൽനിന്നും വെള്ളം ആഗീരണം ചെയ്യുന്നതുകൊണ്ട് താളിയോലകൾ ഒരിക്കലും മഴക്കാലത്ത് തുറന്നു സൂക്ഷിക്കാൻ പാടില്ല.

## ചെറുപ്രാണികളുടെ ആക്രമണം

ഒരു പ്രാണിയേയും നശിപ്പിക്കാനുള്ള അധികാരം കൺസർവ്വേറ്റർക്കില്ല. നശീകരണത്തിന് മുൻപുതന്നെ പ്രതിരോധ മാർഗങ്ങൾ കണ്ടുപിടിക്കേണ്ടതുണ്ട്. പ്രിവന്റീവ് റീസ്റ്റോറേഷൻ ആണ് ക്യൂറേറ്റിവ് സ്റ്റോറേഷൻമാർഗങ്ങളെക്കാൾ നല്ലത്. ചരിത്ര വസ്തുക്കളുടെ പരിപാലനത്തിന്റെ എല്ലാ സാധ്യതകളും അവസാനിക്കുമ്പോൾ മാത്രമേ ക്യൂറേറ്റിവ് റീസ്റ്റോറേഷൻ മാർഗങ്ങൾ ഉപയോഗിക്കാൻ പാടുള്ളു.

റീസ്റ്റോറേഷന് സാധ്യമല്ലാത്തവിധം എന്തെങ്കിലും ചരിത്ര വസ്തുക്കൾ ലഭിക്കുകയാണെങ്കിൽ പരീക്ഷണങ്ങൾക്ക് മുതിരാൻ പാടില്ല. നിരന്തരം മാറ്റങ്ങൾക്കു വിധേയമാകുന്ന ശാസ്ത്രത്തിനും സാങ്കേതിക വിദ്യയ്ക്കും വിട്ടുനൽകുക എന്ന അടിസ്ഥാന തത്വം ഓലകളുടെ പരിപാലനത്തിൽ ഓർത്തിരിക്കേണ്ടതുണ്ട്.






# ചരിത്രത്തിലേക്കുള്ള കാൽവെപ്പ്







മുസിരിസിനെ അറിയാനുള്ള ഹെറിറ്റേജ് വാക്കിനെ വിദ്യാർത്ഥി സമൂഹം ചരിത്ര പഠനത്തിന്റെ പുതിയ പഠനോപാധി ആയി സ്വീകരിച്ചിട്ടുണ്ട്. പൈതൃക ആഘോഷങ്ങളുടെ ഭാഗമായി എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, അങ്കമാലി എന്നിവിടങ്ങളിൽ നിന്നായി 25,573 വിദ്യാർത്ഥികളാണ് മുസിരിസ് പൈതൃക പ്രദേശങ്ങൾ സന്ദർശിച്ചിട്ടുള്ളത്.

മുസിരിസ് മ്യൂസിയം മാനേജറായ ഡോ. മിഥുൻ സി. ശേഖറിന്റെ അഭിപ്രായത്തിൽ നമ്മുടെ പൈതൃകങ്ങളുടെ എല്ലാ സാധ്യതകളെയും കുറിച്ചുള്ള ബോധവൽക്കരണവും, 'എന്ത് കൊണ്ട്, എങ്ങനെ' നമ്മുടെ പൈതൃകങ്ങൾ സംരക്ഷിക്കപ്പെടണം എന്ന ചോദ്യങ്ങൾക്കുള്ള ഉത്തരവുമാണ് പൈതൃക വാരാഘോഷത്തിലെ ഹെറിറ്റേജ് വാക് കൊണ്ട് ഉദ്ദേശിച്ചത്. ചേരമാൻ പറമ്പ്, കോട്ടപ്പുറം കോട്ട, പറവൂരിലെയും , ചേന്ദമംഗലത്തേയും ജൂത ജൂതപ്പള്ളികൾ, പാലിയത്തെ നാലുകെട്ട്, ഡച്ച് കൊട്ടാരവുമെല്ലാം കുട്ടികൾക്ക് പുതിയ പഠനാനുഭവം പകർന്ന് നൽകുകയായിരുന്നു.

തദ്ദേശീയ ജനതയുടെ, തകർന്നുകൊണ്ടിരിക്കുന്ന കരകൗശല നൈപുണ്യങ്ങൾക്കുള്ള കൃതജ്ഞത പ്രകാശനവും കൂടിയായിരുന്നു മുസിരിസ് ഹെറിറ്റേജ് വാക്. കോട്ടപ്പുറം ഇന്റർഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റിയുടെ ഭിന്ന ശേഷിയുള്ള 17 അംഗങ്ങൾ കുട്ടികളെ പ്രകൃതിദത്ത നാരുകളിൽ നിന്നും വിവിധ ഉത്പന്നങ്ങൾ ഉണ്ടാക്കാൻ പരിശീലിപ്പിച്ചു. സ്നേഹവും, പരിഗണനയും, പഠനവും ഒരുമിച്ച് ചേർന്ന പഠനാനുഭവമാണ് കോട്ടപ്പുറം ഇന്റർഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റിയുടെ ഭിന്നശേഷിയുള്ളവരുമാ യുള്ള ഇടപെടൽമൂലം കുട്ടികൾക്ക് പകർന്ന് കിട്ടിയത്. ഓരോ ദിവസവും പുതിയ അറിവും പ്രായോഗിക ജ്ഞാനവും നേടിക്കൊണ്ടാണ് ഹെറിറ്റേജ് വാക് അവസാനിച്ചത്.

ഡോ. മിഥുന്റെ അഭിപ്രായത്തിൽ കരകൗശല നിർമാണം ചരിത്രത്തിന്റെ ഭാഗമാണ്. പൈതൃക വാരാഘോഷ സമയത്ത് മ്യൂസിയം സന്ദർശനങ്ങളിലൂടെ കുട്ടികൾ അനൗപചാരിക വിദ്യഭ്യാസ സമ്പ്രദായവുമായി പരിചയമാവുക മാത്രമല്ല, പൈതൃക സംരക്ഷണത്തിന്റെ വിവിധ തലങ്ങൾ കുട്ടികൾ മനസിലാക്കുക കൂടിയായിരുന്നു.

ചേരമാൻപറമ്പിൽവെച്ച് അമൃത വിദ്യാപീഠത്തിലെ 200 വിദ്യാർത്ഥികൾ അണിചേർന്നൊരുക്കിയ വേൾഡ് ഹെറിറ്റേജ് ലോഗോയോട് കൂടി പൈതൃക വാരാഘോഷം സമാപിച്ചു.

# Muziris Visit

The Muziris Heritage Week was celebrated from November 19 to 25 as a part of the World Heritage Week.

The Historic building remnants were found in the Cheraman Paramba which is about 3 acres in area. Dutch and Chinese coins were also found which had a cutting in the centre. They had used lime mortar made from river shells for constructing houses. Ceramic tiles and utensils we still use today dates back then. Terracota pots, weapons they used, iron and wood canon balls for destroying forts and ships were also found.

The Dutch had also build a watchhouse on the banks of Periyar, to keep an eye on enemy shelling. A skeletal body of a man was also found in that area. He didn't have an arm and was in his 20, according to the research. He could be a soldier who was killed by an enemy.

The Portugese had first invaded present day Kodungallore and later the Dutch. The Paliath Achan-minister of Kochi had helped Dutch take over Kodungallore. In return, the Dutch gifted the Paliam Palace. It was build in a Indo-dutch style.

The bed of the ruler was made by soaking wood in about 60 different species of plants, following the ayurvedic tatvas. It was the official house of the Paliath Achan and thus, women were not allowed inside.

The Paliam Nalukettu was the ancestral house of the Paliath Achans. The head was Valiyamma. People of the Paliath family gathered there to celebrate festivals and for the body cremation of the dead.

The visit to Muziris and other sites gave all of us an opportunity to revisit the historic culture and to know about its significance. It also created a sense of awareness in people about the need for preserving these historic monuments for the present and future generations.

Malavika

IX

---

The Muziris Heritage Week was celebrated from 19 to 26 as a part of World Heritage Day.

The first place was exhibits of the remnants found during excavation of Kottapuram fort. Several parts are displayed to have brief idea of the place. Old coins, tobacco pipes were displayed. Different weapons, utensils were shown and explained by fort. Cannon balls made of iron were used to destroy houses and woods used to destroy ships. Human skeleton was shown which was aged about 20 years. It was male who lived during the time of 1540 + 40. Old Kodungallur was known as Cranganore.

It came to the Palliath Achans. Traditional home of the Palliath Achans is called "Kovilakam". The architectural style of Palliam Kovilakam is a hybrid of Kerala and Dutch styles.

The Nalukettu is a self-contained Malayali house, a quadrangle building consisting of four blocks, with a rectangular courtyard in centre known as "nadumittam". The western block or "padinjattini". The northeast block "vadakkini". The whole of the middle portions of the eastern and southern blocks "kizhakkini" and "thekkini". This is occupied by the women of Paliam family. The main exhibits are kitchen utensils and exclusive collection of lamps.

It is a useful trip here we get to see our ancient ancestors and know more about their cultures.

Alanteena

IX

---

## മുസിരിസ് പട്ടണം - ഒരു പഠനയാത്ര

[illegible]

Michel

IX

# മുസിരിസിലേക്കുള്ള വാതിൽ



തൃശൂർ ജില്ലയിലെ ആദ്യ ഭിന്നശേഷി സൗഹൃദ ബീച്ചാണ് അഴീക്കോട് മുനക്കൽ ബീച്ച്. കടൽത്തീരത്തിന്റെ ശാന്തതയും, പച്ചപ്പ് തിങ്ങി നിറഞ്ഞ തീരവും, അതിരുകളില്ലാത്ത ആകാശ നീലിമയുമൊക്കെ വിനോദസഞ്ചാരികളെ മുനക്കൽ ബീച്ചിലേക്ക് ആകർഷിക്കുന്നു. 1300 മീറ്റർ നടപ്പാതയും കുട്ടികളുടെ പാർക്കും അഴീക്കോടിനെ വിനോദ സഞ്ചാരികൾക്ക് പ്രിയമുള്ളതാക്കുന്നുണ്ട്. മുനക്കൽ ബീച്ച് അധികം വൈകാതെ തന്നെ മുസിരിസ് പൈതൃക സംരക്ഷണ പദ്ധതിയുടെ ഭാഗമാകും. മുസിരിസ് പൈതൃക പദ്ധതിയുടെ കീഴിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള സൗകര്യങ്ങൾ വിനോദസഞ്ചാരികൾക്ക് വേണ്ടി മുനക്കൽ ബീച്ചിൽ ക്രമീകരിക്കപ്പെടും. യാത്ര സുഗമമാക്കുന്നതിനുള്ള ബോട്ട് ജെട്ടികൾ, എല്ലാ പൈതൃകങ്ങളേയും കൂട്ടിയിണക്കിയുള്ള ബോട്ട് യാത്രകൾ, വാട്ടർ ടാക്സികൾ, കൂടുതൽ നടപ്പാതകളും, വിനോദപരിപാടികളും തയ്യാറാകുന്നുണ്ട്. ക്രമീകരണങ്ങൾ പൂർത്തിയാകുമ്പോൾ കാഴ്ചയുടെ വിരുന്നാണ് മുനക്കൽ തീരം ഒരുക്കുന്നത്.

തൃശൂരിലെ ആദ്യ ഭിന്നശേഷ സൗഹൃദ, വീൽ ചെയർ സൗഹൃദ ബീച്ച് പൂർത്തീകരിക്കാനുള്ള ബഹുമാനപ്പെട്ട എം. എൽ. എ. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്ററുടെ നേതൃത്വത്തിലുള്ള ശ്രമങ്ങളെ നന്ദിപൂർവം ഓർക്കുന്നു.

പ്രകൃതി എപ്പോഴും ഉത്സവാന്തരീക്ഷത്തിലുള്ള മുനക്കൽ തീരം 'മുസിരിസിലേക്കുള്ള വാതിൽ' എന്ന പേര് അന്വർത്ഥമാക്കുന്നു.

# കിഴക്കിന്റെ വെനീസിലേക്ക് ഒരു സൈക്കിൾ യാത്ര



വിനോദ സഞ്ചാരത്തിന്റെ പ്രാധാന്യവും സാംസ്കാരിക വിനിമയത്തിന്റെ സാധ്യതകളെയും ഉൾക്കൊണ്ടുകൊണ്ട് കൊടുങ്ങല്ലൂരിലെ കോട്ടപ്പുറത്ത് നിന്നും ആലപ്പുഴയിലേക്ക് മുസിരിസ് പൈതൃക സംരക്ഷണ പദ്ധതിയുടെ നേതൃത്വത്തിൽ സൈക്കിൾ യാത്ര സംഘടിപ്പിച്ചു. ക്രാങ്കന്നൂർ പെടല്ലേഴ്സ് (CRANKanore Pedallers and Thrissur on a Cycle (TOC), തൃശൂർ ഓൺ എ സൈക്കിൾ എന്നിവരാണ് സൈക്കിൾ യാത്ര ഏകോപിപ്പിച്ചത്. നവംബർ 23 ന് കോട്ടപ്പുറം വാട്ടർഫ്രണ്ടിൽവെച്ച് അഡ്വ. വി. ആർ. സുനിൽകുമാർ എം.എൽ.എ. ഫ്ളാഗ് ഓഫ് ചെയ്തു. ലോക പൈതൃക വാരാഘോഷങ്ങളുടെ ഭാഗമായാണ് സൈക്കിൾ യാത്ര സംഘടിപ്പിച്ചത്. കൊടുങ്ങല്ലൂർ മുൻസിപ്പൽ ചെയർമാൻ, ശ്രീ. കെ.ആർ. ജൈത്രൻ, കൊടുങ്ങല്ലൂർ മുൻസിപ്പൽ കൗൺസിലർ വി. എം. ജോണി എന്നിവർ സന്നിഹിതരായിരുന്നു. സാഹസികതയെ സ്നേഹിക്കുന്ന 100ൽ അധികം സൈക്കിൾ റൈഡേഴ്സ് പൈതൃക സംരക്ഷണത്തിന്റെ സന്ദേശവുമായി കോട്ടപ്പുറത്ത്നിന്ന് ആലപ്പുഴയിലേക്ക് സൈക്കിളിൽ തിരിച്ചു.

ചെറായി, വൈപ്പിൻ ഫോർട്ട് കൊച്ചി എന്നീ തീരദേശ മേഖലകളിലൂടെ കടന്ന് അർത്തുങ്കൽ വഴി കിഴക്കിന്റെ വെനീസായ ആലപ്പുഴയിൽ എത്തിച്ചേർന്ന സംഘം പങ്കാളിത്തം കൊണ്ടും ഏകോപനം കൊണ്ടും വേറിട്ട് നിന്നു. പൈതൃക സംരക്ഷണ സന്ദേശമുൾക്കൊണ്ട സൈക്കിൾ യാത്രയെ ആലപ്പുഴയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രി ശ്രീ. തോമസ് ഐസക്കും ബഹു. എം.പി. ശ്രീ. ആരിഫും ചേർന്ന് പൊതുചടങ്ങിൽ വെച്ച് സ്വീകരിച്ചു. മുസിരിസിലെ യുവജനങ്ങൾക്കിടയിൽ സൈക്കിളിങ്ങും മറ്റു സ്പോർട്സ് ഇനങ്ങളും വളർത്തുന്നതിന് നൽകിയ സംഭാവനകളെ മുൻനിർത്തി മുസിരിസ് പൈതൃക പദ്ധതിയുടെ മാനേജിങ് ഡയറക്ടറായ ശ്രീ. പി. എം. നൗഷാദിനെ ആദരിച്ചു. മുസിരിസ് പൈതൃക സന്ദേശ പ്രചാരണത്തിനായി തമിഴ് നാട്ടിൽ നിന്നുള്ള അരുൺ കൗശികിനെയും സംഘങ്ങളെയും, മുസിരിസ് സൈക്കിൾ ക്ലബിന് നേതൃത്വം നൽകുന്നതിന് ശ്രീ. ജാക്സൺ ജോസഫ് പുലിക്കനെയും, സാമൂഹ്യപ്രതിബദ്ധതയ്ക്കും റെസ്പോൺസിബിൾ സൈക്കിളിങ്ങിനും സിയാ ബീവിയെയും, നിരന്തര പ്രചോദനത്തിനും പിന്തുണയ്ക്കും നജ്മുദീൻ തൃപ്രയാറിനെയും, റോഡ് സുരക്ഷ ഉറപ്പ് വരുത്തിയതിന് ശ്രീ. ഷാജഹാനെയും, സാമൂഹിക-പ്രകൃതി സൗഹൃദ എന്റർപ്രെനേഷിപ്പിന് നവഗതി മറൈൻ ഡിസൈൻ സിഇഒ ശ്രീ. സന്ദിത്ത് ചന്ദ്രശേരിയയെയും, 300 കിലോമീറ്റർ സൈക്കിൾ റൈഡ് പൂർത്തിയാക്കിയ 78 വയസുള്ള ശ്രീ. ജോസിനെയും ചടങ്ങിൽ ആദരിച്ചു.



# നെയ്ത്തുശാലയിൽനിന്നും സ്നേഹത്തോടെ...

പ്രകൃതിദത്തമായ നാരുകളിൽനിന്നും എന്ത് നിർമ്മിച്ചെടുക്കുന്നതിനും ആത്മനിയന്ത്രണം ആവശ്യമാണെന്ന് കോട്ടപ്പുറം ഇന്റർഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റി (KIDS) സന്ദർശിക്കുന്ന ഏതൊരാളെയും അവിടുത്തെ പരിശീലകരും അംഗങ്ങളും ബോധ്യപ്പെടുത്തും.

പാർശ്വവൽക്കരിക്കപ്പെട്ട മനുഷ്യർക്ക് വേണ്ടി കോട്ടപ്പുറം രൂപതയുടെ സോഷ്യൽ സർവീസ് സൊസൈറ്റിയായി 1988ൽ രജിസ്റ്റർ ചെയ്യപ്പെട്ട കോട്ടപ്പുറം ഇന്റർഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റി 1987ലാണ് സ്ഥാപിക്കപ്പെട്ടത്. 2008ൽ കേന്ദ്ര ടെക്സ്റ്റൈൽ വകുപ്പിൽനിന്നും, ക്രാഫ്റ്റ് -ബേസ്ഡ് റിസോഴ്സ് സെന്റർ ആയി അംഗീകാരം ലഭിച്ച സൊസൈറ്റി ഇന്ത്യയിൽ എണ്ണം പറഞ്ഞ കരകൗശല പരിശീലന കേന്ദ്രങ്ങളിൽ ഒന്നാണ്. പൂർണമായും പ്രകൃതിദത്ത നാരുകളിൽ നിന്നും നെയ്ത്തുൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന 300 സ്ത്രീകളും, 30 ഭിന്ന ശേഷിയുള്ളവരുമാണ് ഇവിടെ ജോലി ചെയ്യുന്നത്.

KIDSന്റെ ഡയറക്ടറായ ഫാ. പോൾ തോമസ് കളത്തിലിന്റെ അഭിപ്രായത്തിൽ തഴ ഉപയോഗിച്ചിരുന്നത് പായ നിർമിക്കാൻ മാത്രമായിരുന്നു. എന്നാൽ ഇന്ന് ബാഗ്, അലങ്കാര വസ്തുക്കൾ, കുഷ്യനുകൾ, തലയിണകൾ അങ്ങനെ അറുപതിലധികം ഉൽപ്പന്നങ്ങൾ സ്വദേശീയവും വിദേശീയവുമായ വിപണികൾക്ക് വേണ്ടി നിർമ്മിക്കപ്പെടുന്നുണ്ട്. അസംസ്കൃത വസ്തുക്കളുടെ ശേഖരണം മുതൽ ഉത്പന്നങ്ങളുടെ അവസാന മിനുക്ക് പണികൾക്ക് വരെ ഒരുപാട് പേരുടെ ശ്രമങ്ങൾ ഉൽപ്പന്നങ്ങൾ പൂർത്തിയാക്കാൻ ആവശ്യമാണ്. അതുകൊണ്ട് തന്നെ എല്ലാവർക്കും തൊഴിൽ ഉറപ്പുള്ള കിഡ്സിൽ പ്ലാസ്റ്റിക്കിന് പകരം വയ്ക്കാവുന്ന വസ്തുക്കളാണ് ഉൽപ്പാദിക്കപ്പെടുന്നത്.

കുള വാഴയിൽനിന്നും നെയ്ത്തുകാരുടെ പരിശ്രമഫലത്താൽ വിവിധ തരത്തിലുള്ള ഉൽപ്പന്നങ്ങൾ ഉണ്ടാക്കിയെടുക്കുന്നുണ്ട്. ഇടത്തുരുത്തിയിൽ നിന്നാണ് നീണ്ട തണ്ടുകൾ ഉള്ള കുളവാഴകൾ ലഭിക്കുന്നത്. മതിലകത്തിനടുത്തുള്ള അരീപ്പാലത്ത് 14 ഏക്കർ ഭൂമിയിൽ തഴ കൃഷി ചെയ്യപ്പെടുന്നുണ്ട്. ഇവ അധികമായി ലഭിക്കുന്ന പ്രദേശങ്ങളിൽ വീടുകളിൽ ഇരുന്നുകൊണ്ടുതന്നെ സാധനങ്ങൾ ഉണ്ടാക്കുവാനായി കിഡ്സ് പ്രോത്സാഹിപ്പിക്കുന്നുണ്ട്. പൂർത്തിയായ ഉൽപ്പന്നങ്ങൾ കിഡ്സ് ഓഫീസിൽ ഏൽപ്പിച്ചാൽ മതിയാകും എന്ന് ഫാ. പോൾ, തുടർന്നു. ചണത്തിന്റെയും മുളയുടേയും വിപണന സാധ്യതകളും കിഡ്സ് പരീക്ഷിക്കുന്നുണ്ട്.

ക്രിസ്തുമസ്, പുതുവർഷ പുലരികളെ മനോഹരമാക്കാൻ തികച്ചും പ്രൊഫഷനലായ രീതിയിൽ അതിമനോഹരമായ വസ്തുക്കളാണ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിന്റെ പരിശീലനം ലഭിച്ച കിഡ്സ് അംഗങ്ങൾ ഉണ്ടാക്കിയെടുക്കുന്നത്.

25 വ്യത്യസ്ത പ്രകൃതിദത്ത നാരുകളിൽനിന്നും ഉൽപ്പന്നങ്ങൾ നിർമിച്ചെടുത്ത് ദേശീയ അന്താരാഷ്ട്ര വിപണികളിലേക്ക് കയറ്റി അയക്കുന്ന കരകൗശല ഗ്രാമം ഉണ്ടാക്കിയെടുക്കുകയാണ് സ്വപ്നമെന്നു ഫാ. പോൾ പങ്കുവെച്ചു.

# ഈ മാസത്തെ പരിപാടികൾ

1. മുസിരിസ് ബോട്ട് യാത്രയുടെ ആരംഭബിന്ദുവായ പറവൂർ ബോട്ട് ജെട്ടി സൗന്ദര്യവൽക്കരിക്കുന്നതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പറവൂർ ചന്തയിലുൾപ്പെടെ മുസിരിസ് പൈതൃക സംരക്ഷണ പദ്ധതിയുടെ ഭാഗമായി നടക്കുന്ന പ്രവർത്തനങ്ങളിൽ മൽസ്യ കച്ചവടത്തിനായുള്ള പുതിയ സ്റ്റാളുകൾ ഉത്ഘാടനം ചെയ്തു. പറവൂർ മുൻസിപ്പൽ ചെയർമാൻ ശ്രീ. ഡി. രാജ്കുമാർ ഉത്ഘാടനം നടത്തി. ശ്രീ. പി.എം. നൗഷാദ്, (മാനേജിങ് ഡയറക്ടർ മുസിരിസ് പൈതൃക പദ്ധതി) സ്വാഗതം ചെയ്തു. പറവൂർ മുൻസിപ്പൽ കൗൺസിലർമാരായ ശ്രീമതി മിനി ഷിബു, ശ്രീമതി ജിൻസി, ശ്രീ. പ്രദീപ് തോപ്പിൽ, മുസിരിസ് പൈതൃക പദ്ധതിയുടെ മാനേജരായ ശ്രീമതി സജ്ന വസന്ത രാജ് എന്നിവർ സന്നിഹിതരായിരുന്നു.



2. തദ്ദേശീയ രുചിഭേദങ്ങളുടെ നിരയിൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന ഒന്നാണ് ഗോതുരുത്തിലെ ഭക്ഷണശീലങ്ങൾ. ഗോതുരുത്തിന്റെ രുചികളെ സഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിന് വേണ്ടി ഗോതുരുത്ത് മുസിരിസ് റെസ്റ്റോറന്റ്, ഗോതുരുത്ത് ചവിട്ടു നാടക കേന്ദ്രത്തിൽ ഉത്ഘാടനം ചെയ്തു. 2019 ഡിസംബർ 5ന് ശ്രീ. വി ഡി സതീശൻ എം.എൽ.എ. ഉത്ഘാടനം ചെയ്ത ചടങ്ങിൽ ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. അനൂപ് ടി.ജി., മുസിരിസ് പൈതൃക സംരക്ഷണ പദ്ധതിയുടെ എം.ഡി. നൗഷാദ് പി.എം., ഫാ. തോമസ് കളരിക്കൽ, ഗ്രാമ പഞ്ചായത്ത് പ്രതിനിധികൾ, ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധികൾ, ഗോതുരുത്ത് മുസിരിസ് സൊസൈറ്റി അംഗങ്ങൾ എന്നിവർ പങ്കെടുത്തു. ശ്രീ. ടെഡി തോമസ് ആണ് ഭക്ഷണശാലയുടെ നടത്തിപ്പുകാരൻ. ഗോതുരുത്തിലെ തനത് ഭക്ഷണശീലങ്ങളെ ദേശീയ അന്തർദേശീയ സഞ്ചാരികൾക്ക് ഒരുപോലെ പകർന്ന് നൽകാൻ കഴിയുന്ന ഇടമാകട്ടെ എന്ന് ശ്രീ. വി. ഡി. സതീശൻ എം. എൽ. എ. ആശംസിച്ചു.



3. കായലോരങ്ങളുടെയും, ജലപാതകളുടെയും സംരക്ഷണം ലക്ഷ്യമിട്ടുകൊണ്ട്, പൊതു ജനങ്ങൾക്കിടയിൽ അവബോധം വളർത്തുന്നതിനായി മുസിരിസ് പൈതൃക പദ്ധതിയുടെയും, ജെല്ലിഫിഷ് വാട്ടർ സ്പോർട്സ് അസോസിയേഷന്റെയും സഹകരണത്തോടു കൂടി കേരള വിനോദസഞ്ചാര വകുപ്പ് മുസിരിസ് പാഡിൽ 2020 ലോഗോ ലോഞ്ച് ചെയ്തു. ബഹുമാനപ്പെട്ട ധനമന്ത്രി ഡോ. ടി എം തോമസ് ഐസക് അലപ്പുഴ എം പി, എ എം ആരിഫിന് ലോഗോ കൈമാറി.

മുസിരിസ് സ്മാരകങ്ങളുടെ ടൂറിസം പ്രമോഷനും, ജലപാതകളുടെ പരിപാലനവും, ജലവിനോദങ്ങൾക്കുള്ള പ്രോത്സാഹനവുമാണ് പാഡിൽ 2020ന്റെ ലക്ഷ്യം.



പ്രിന്റഡ് & പബ്ലിഷ്ഡ് : നൗഷാദ് പി.എം., മാനേജിംഗ് ഡയറക്ടർ,
മുസിരിസ് പ്രോജക്റ്റ്സ് ലിമിറ്റഡ്, കൊടുങ്ങല്ലൂർ, തൃശ്ശൂർ, കേരള - ഫോൺ : 0480 2807717